## ..................................... അസി. പോലീസ് കമ്മീഷണറുടെ നടപടിക്രമം

സാന്നിദ്ധ്യം : ശ്രീ

വിഷയം : പൊതുനിരത്തിൽ പ്രകടനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതു സംബന്ധിച്ച്

സൂചന: 1. താങ്കളുടെ തീയതിയിലെ അപേക്ഷ

2. ........................... സിറ്റി പോലീസ് കമ്മീഷണറുടെ മേലെഴുത്ത് നമ്പർ

### ഉത്തരവ്

ബഹുമാനപ്പെട്ട കൊച്ചി ഹൈക്കോടതി ഫുൾ ബഞ്ച് ജാഥയും പ്രകടനങ്ങളും മറ്റും നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 20/07/2007 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തീയതി മണി മുതൽ മണി വരെ നിന്ന് വശം സ്ഥലങ്ങളിൽ കൂടി പ്രകടനം/ജാഥ/റാലി/പ്രദക്ഷിണം നടത്തുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

1. റോഡിന്റെ ഒരു വശം ചേർന്ന് ഒറ്റ വരിയായി മാത്രം പ്രകടനം നടത്തുക.
2. പ്രകടനം നടത്തുമ്പോൾ റോഡിനു കുറുകെ ബാനറുകൾ പ്രദർശിപ്പിച്ച് ഗതാഗത തടസ്സം ഉണ്ടാക്കരുത്. ( സെ.മീറ്ററിൽ കവിഞ്ഞ ബാനർ ഉപയോഗിക്കരുത്).
3. പ്രകടനം കടന്നുപോകുമ്പോൾ പൊതു നിരത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും യാതൊരുവിധത്തിലുള്ള തടസ്സങ്ങളും ഉണ്ടാകാൻപാടുള്ളതല്ല. ഓരോ മൂന്നു മിനിറ്റ് ഇടവിട്ട് വാഹനങ്ങൾക്കും, വഴിയാത്രക്കാർക്കും പ്രകടനം മുറിച്ചുകടക്കാൻ സംഘാടകർ വാളണ്ടിയർമാരെ നിയോഗിച്ച് സൗകര്യം ഉണ്ടാക്കി കൊടുക്കേണ്ടതാണ്.
4. പൊതുനിരത്തിൽ നിന്നുള്ള പോക്കറ്റ്റോഡുകളിലേക്ക് വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും റോഡ് മുറിച്ചുകടന്നുപോകുവാനുള്ള സൗകര്യം സംഘാടകർ ഉണ്ടാക്കി കൊടുക്കേണ്ടതാണ്.
5. പൊതുവഴിയിൽ ധർണ്ണയും, പിക്കറ്റിങ്ങും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
6. പ്രകടനത്തിൽ പങ്കെടുക്കുന്നവർ ആയുധങ്ങളോ മാരകായുധങ്ങളായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളോ കൈവശം വയ്ക്കുവാൻ പാടുള്ളതല്ല.
7. പ്രകടനവും, പൊതുയോഗവും ക്രമസമാധാന ലംഘനത്തിലേക്കോ, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയിലേക്കോ നീങ്ങിയാൽ പോലീസ് ആക്ട് 19-ാം വകുപ്പ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.
8. വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ ധർണ്ണ, പിക്കറ്റിംഗ് എന്നിവ നടത്താൻ പാടുള്ളതല്ല. റോഡ് പിക്കറ്റ് ചെയ്യുന്നതും പൊതുനിരത്തിൽ ധർണ്ണ നടത്തുന്നതും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് ഭംഗം വരുത്തിയാൽ അത് ബഹു.കേരള ഹൈക്കോടതി നിർദ്ദേശത്തിന്റെ അലക്ഷ്യമായി കണക്കാക്കുന്നതും, നിങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

അസി. പോലീസ് കമ്മീഷണർ,

...............................